64 (1513) കാട്ടാനകളുടെ സംരക്ഷണം

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാടൻ പ്രദേശത്ത് കാട്ടിലെ മുള മുറിക്കുന്നതിന് കാരണം കാട്ടാനകൾക്ക് ഭക്ഷണം കിട്ടാതെ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ളവും ഭക്ഷണവും കിട്ടാത്തതിനാൽ കാട്ടാനകൾ കൂട്ടത്തോടെ ഗ്രാമങ്ങളിലേയ്ക്ക് കടന്നുകയറുന്നതായി അറിവുണ്ടോ;

(സി) എങ്കിൽ ഇതൊഴിവാക്കാൻ എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വയനാട് വന്യജീവി സംരക്ഷണ മേഖലയിൽ വരുന്ന പ്രദേശങ്ങളിൽ നിന്നും മുള മുറിച്ച് മാറ്റുന്നില്ല. എന്നാൽ നോർത്ത് വയനാട് ഡിവിഷനിൽ നിന്നും വളർച്ചയെത്തിയ 4000 മെ.ടൺ മുള മുറിച്ചു നീക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കാടിനുള്ളിൽ കാട്ടാനകൾക്ക് ആവശ്യത്തിന് കുടിവെള്ളവും ഭക്ഷണവും ഉറപ്പുവരുത്തുന്നതിന് കൂടുതൽ കുളങ്ങൾ കുഴിക്കുക, തീറ്റച്ചെടികൾ വെച്ചുപിടിപ്പിക്കുക എന്നീ ജോലികൾ ചെയ്യുന്നുണ്ട്. ഇത് കൂടാതെ കാട്ടാനകൾ കൃഷിയിടങ്ങളിൽ ഇറങ്ങുന്നത് തടയുന്നതിനായി കിടങ്ങുകൾ കുഴിച്ചും വൈദ്യുത കമ്പിവേലി നിർമ്മിച്ചും തടസ്സങ്ങൾ ഉണ്ടാക്കുന്നുണ്ട്.

65 (1514) കാട്ടുമൃഗങ്ങളുടെ ശല്യം

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ തിരുനെല്ലി, തവിഞ്ഞാൾ പഞ്ചായത്തുകളിൽ കാട്ടുമൃഗങ്ങളുടെ ശല്യം വളരെയധികം വർദ്ധിച്ചിട്ടുണ്ടെന്ന വിവരം സർക്കാരിനറിയുമോ;

(ബി) നിരന്തരമായി കർഷകരുടെ കൃഷി നശിപ്പിക്കുന്ന കാട്ടുമൃഗങ്ങളിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കൃഷിനാശം സംഭവിച്ച കർഷകർക്കും, വീട് നഷ്ടപ്പെട്ടവർക്കും മതിയായ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(ഡി) ഈ പ്രദേശത്ത് ട്രഞ്ച് നിർമ്മാണവും വൈദ്യുതിവേലി നിർമ്മാണവും നടത്തി കർഷകരെ രക്ഷിക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) അറിയാം.

(ബി) വന അതിർത്തിയിൽ വൈദ്യുതി കമ്പിവേലി നിർമ്മിച്ചും കിടങ്ങുകുഴിച്ചും കാട്ടുമൃഗങ്ങൾ കൃഷിസ്ഥലങ്ങളിലേയ്ക്ക് കടന്ന് കൃഷി നശി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കുന്നത് തടയാൻ നടപടി എടുത്തിട്ടുണ്ട്. വയനാട് ജില്ലയിൽ 185 കി.മീറ്റർ വനാതിർത്തിയിൽ വൈദ്യുത കമ്പിവേലിയും 65 കി.മീറ്റർ നീളത്തിൽ കിടങ്ങും നിർമ്മിച്ചിട്ടുണ്ട്.

(സി) കൃഷിനാശം സംഭവിച്ചവർക്കും, വീട് നഷ്ടപ്പെട്ടവർക്കും പരമാവധി നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ഡി) ട്രഞ്ച് കുഴിച്ചും വൈദ്യുത കമ്പിവേലി നിർമ്മിച്ചും കർഷകരെ രക്ഷിക്കുന്നതിനുള്ള നടപടികൾ എല്ലാവർഷവും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാ പ്രാധാന്യം നൽകി നടപ്പിലാക്കിവരുന്നുണ്ട്.

66 (1515) "വനം വകുപ്പ് വിൽപ്പന നടത്തുന്ന ഉൽപ്പന്നങ്ങൾ"

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ജോർജ് ജെ. മാത്യു :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനപ്രദേശങ്ങളിലെ 1980-ന് മുൻപ് ഉണ്ടായിരുന്ന ക്വാറികളിൽനിന്നും ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും വിവിധ പുഴകളിൽനിന്നും മണൽ ശേഖരിക്കുന്നതിനും കേന്ദ്ര സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് ഇങ്ങനെയുള്ള ഉല്പന്നങ്ങൾ വനം വകുപ്പ് വില്പന നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ക്വാറികളും മണൽ വാരുന്നതിനുള്ള കടവുകളും ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുള്ള വന ഉല്പന്നങ്ങൾ വില്ക്കുന്നതുമൂലം വനം വകുപ്പിന് ലഭിക്കുന്ന വരുമാനം എന്തു കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇങ്ങനെയുള്ള വന ഉല്പന്നങ്ങൾ വിൽപ്പന നടത്തി വനം വകുപ്പിന് കൂടുതൽ വരുമാനമുണ്ടാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതിനുമുൻപ് നിലവിലുണ്ടായിരുന്ന ക്വാറികളിൽനിന്ന് പാറ ശേഖരിക്കുന്നതിനും മണൽ ശേഖരണം നടത്തിവന്ന പുഴകളിൽനിന്ന് മണൽ ശേഖരിക്കുന്നതിനും ഇക്കാര്യത്തിലുള്ള നിയമോപദേശം കണക്കിലെടുത്ത് കേരള സർക്കാർ 6.9.97-ലെ ഉത്തരവുപ്രകാരം അനുവാദം നൽകിയിരുന്നു. എന്നാൽ 1980-ലെ കേന്ദ്രവനസംരക്ഷണനിയമം അനുശാസിക്കുന്ന തരത്തിൽ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ഇക്കാര്യത്തിൽ ലഭ്യമാക്കിയില്ലെന്നതിനാൽ സംസ്ഥാന സർക്കാരിന്റെ അനുമതി നിയമവിരുദ്ധമാണെന്നും പിൻവലിക്കണമെന്നുമുള്ള കേന്ദ്രസർക്കാരിന്റെ 3.3.98 ലെ കത്തിലെ നിർദ്ദേശം കണക്കിലെടുത്ത് അനുമതി പിൻവലിക്കുകയും 1980-ന് മുൻപ് നിലവിലുണ്ടായിരുന്ന ക്വാറികളിൽനിന്നും പാറ ശേഖരിക്കുന്നതിനും മണൽ ശേഖരണം നടത്തിവന്നിരുന്ന പുഴകളിൽ നിന്ന് മണൽ ശേഖരിക്കുന്നതിനും കേന്ദ്ര വനംസംരക്ഷ

LIBRARY ARCHIVES Kerala Legislative Assembly